# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM17/2144/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 01/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM17/2144/21 തീയ്യതി: 01/02/2022

## മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-11-2021 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 27-11-2021 | 14-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-11-2021 | 14-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ. പി, (ഓഡിറ്റ് ഓഫീസർ)
ശ്രീമതി. ജിഷ കെ, (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി. ലത. ഒ.വി, (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി, (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. പി കുമാരൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ശ്രീനിവാസൻ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ശ്രീ. അബ്ബാസ് പി.പി | സെക്രട്ടറി | 25-04-2019 | 14-07-2019 |
| ശ്രീ. പി.എ മുഹമ്മദ് ഹാഷിം | സെക്രട്ടറി | 15-07-2019 | 08-12-2019 |
| ശ്രീ. ശ്രീനിവാസൻ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-12-2019 | 15-12-2019 |
| ശ്രീ. കെ ജയൻ | സെക്രട്ടറി | 16-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. അസ്ഹർ | മെഡിക്കൽ ഓഫീസർ (എഫ്.എച്.സി) | 01-04-2019 | 31-05-2019 |
| ഡോ. മുബാറക്ക് നദീർ കുട്ടി | മെഡിക്കൽ ഓഫീസർ (എഫ്.എച്.സി) | 01-06-2019 | 31-03-2020 |
| ഡോ. സമീറ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. ഡിസ് പി.പി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഹൗലത്ത് എം.കെ | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ഗീത | വി.ഇ.ഒ ഗ്രേഡ്-1 | 01-04-2019 | 28-11-2019 |
| ശ്രീമതി. അശ്വതി വിജയൻ | വി.ഇ.ഒ ഗ്രേഡ്-2 | 01-04-2019 | 31-03-2020 |
| ശ്രീമതി. റംലത്ത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി, മിനി സി | കൃഷി ഓഫീസർ | 01-04-2019 | 31-08-2019 |
| ശ്രീമതി. അഞ്ജു | കൃഷി ഓഫീസർ | 01-09-2019 | 24-09-2019 |

| | | | |
|---|---|---|---|
| ശ്രീമതി. ഷഹനില പി.പി | കൃഷി ഓഫീസർ | 25-09-2019 | 21-12-2019 |
| ഒഴിവ് | കൃഷി ഓഫീസർ | 22-12-2019 | 22-12-2019 |
| ശ്രീമതി. ദിവ്യ കെ | കൃഷി ഓഫീസർ | 23-12-2019 | 15-02-2020 |
| ഒഴിവ് | കൃഷി ഓഫീസർ | 16-02-2020 | 16-02-2020 |
| ശ്രീമതി. നഷ്വ | കൃഷി ഓഫീസർ | 17-02-2020 | 31-03-2020 |
| ശ്രീ. അബ്ദുൾ മഹ്റൂഫ് | ഡയറി എക്സ്റ്റൻഷൻഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. ശ്രീനിവാസൻ എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. ജുമൈലത്ത് വി.വി. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Idrees Abdulla A.C. (Auditor, On 01-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 10-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 01-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 10-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2019-20<br>Written By: Idrees Abdulla A.C. (Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 01-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 10-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 01-12-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 13-12-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 01-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 10-12-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 01-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 10-12-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 01-12-2021)<br>Last Updated By: ABDHU NAZER.P (Audit Officer, On 13-12-2021) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-11 |
| 13 | കെട്ടിട നിർമ്മാണ പെർമിറ്റ് -അപാകതകൾ.<br>Written By: Idrees Abdulla A.C. (Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-12 |
| 14 | സ്വയം തൊഴിലിന് ഓട്ടോറിക്ഷ - ഓട്ടോറിക്ഷ വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 18-01-2022) | 1-13 |
| 15 | മരങ്ങൾ ലേലം ചെയ്തില്ല<br>Written By: Latha.O.V (Auditor, On 14-12-2021) | 1-14 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 01-02-2022) | |
| 16 | പി എച് സി നവീകരണം NRHMന് വിഹിതം നൽകൽ -അപാകതകൾ<br>Written By: Latha.O.V (Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-15 |
| 17 | പകൽവീട്- വാടക നൽകിയതിലെ അപാകത<br>Written By: Latha.O.V (Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-16 |
| 18 | തെരുവു വിളക്ക റിപ്പയർ: അപാകതകൾ<br>Written By: Latha.O.V (Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-17 |
| 19 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.<br>Written By: ABDHU NAZER.P (Audit Officer, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-18 |
| 20 | ചെങ്കൽ പടവിന് അധികനിരക്കിൽ തുക നൽകി- 21667 രൂപ തിരിച്ചടവാക്കി<br>Written By: ABDHU NAZER.P (Audit Officer, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-19 |
| 21 | മരാമത്ത് പ്രവ്വത്തികളുടെ നിർവ്വഹണം- പൊതു അപാകതകൾ<br>Written By: ABDHU NAZER.P (Audit Officer, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-20 |
| 22 | അസി. എഞ്ചിനീയറുടെ രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്.<br>Written By: ABDHU NAZER.P (Audit Officer, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 18-01-2022) | 1-21 |
| 23 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Latha.O.V (Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-22 |
| 24 | തുറസ്സായ സ്ഥലത്തുള്ള മണ്ണ് ഫില്ലിംഗിന് ട്രഞ്ചിൽ മണ്ണ് ഫില്ല് ചെയ്യുന്ന നിരക്കിൽ തുക നൽകി -ഓഡിറ്റ് എൻക്വയറിയെ തുടർന്ന് അധിക തുക തിരിച്ചടവാക്കി<br>Written By: ABDHU NAZER.P (Audit Officer, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-23 |
| 25 | ഹരിത കർമ്മസേന പ്രവർത്തനം തൃപ്തികരമല്ല.<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-24 |
| 26 | ലൈഫ് ഭവന പദ്ധതി - അധികതുക നൽകി<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-25 |
| 27 | മെഡിക്കൽ ഓഫീസർ - പരിരക്ഷ മരുന്ന വാങ്ങൽ നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 18-01-2022) | 1-26 |
| 28 | ഡ്രൈവറുടെ വേതനകുടിശ്ശിക നൽകിയത്- സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്.<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-27 |
| 29 | വീട് വാസയോഗ്യമാക്കൽ- അപാകതകൾ<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 18-01-2022) | 1-28 |

| | | |
|---|---|---|
| 30 | പ്രിന്റർ ലഭ്യമാക്കിയില്ല.<br>Written By: Latha.O.V (Auditor, On 20-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ലൈഫ് ഭവന പദ്ധതി - അധികതുക നൽകി<br>Written By: Jisha.K (Senior Grade Auditor, On 16-12-2021)<br>Last Updated By: Jisha.K (Senior Grade Auditor, On 16-12-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 10-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 10-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 10-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 10-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Idrees Abdulla A.C. (Auditor, On 10-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1/1 - 22.02.2019 | പുതുക്കിയിട്ടില്ല |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 10-06-2020 | --- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25973242.71 |
| വരവ് | 82818083 |
| ആകെ | 108791325.71 |
| ചെലവ് | 77621537 |
| നീക്കിയിരിപ്പ് | 31169788.71 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 20671224 | 20671224 | 15482285 | 5188939 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7077471 | 7077471 | 3961418 | 3116053 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 16914000 | 16914000 | 8894512 | 8019488 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5089000 | 5089000 | 1706443 | 3382557 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Grant) | 0 | 12995204 | 12995204 | 9855158 | 3140046 |
| ബി ഫണ്ട് | 0 | 25617480 | 25617480 | 25617480 | 0 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2019-20

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2020-21

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം Development Fund (General)- ചെലവ് 17418061/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 15482285/-രൂപയാണ്. (ജി.ഒ പ്രോജക്ട് പ്രകാരം Deduction ചെയ്ത തുക 1935776/- രൂപയാണ്).

ഗ്രാന്റ് പത്രിക പ്രകാരം Development Fund (SCP)- ചെലവ് 4034947/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 3961418/-രൂപയാണ്. (ജി.ഒ പ്രോജക്ട് പ്രകാരം Deduction ചെയ്ത തുക 73529/- രൂപയാണ്).

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 285 | 170147007 | 151 | 54266505 | 0 | 134 | 53% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 26998 | 813962 | 840960 | 838618 | 2342 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 18845283 | 18845283 | 18845283 | 0 |
| ആകെ | 26998 | 19659245 | 19686243 | 19683901 | 2342 |

കുറിപ്പ്

പട്ടിക പ്രകാരം ചേർത്തിരിക്കുന്ന ആകെ ചെലവിൽ 1773542/- രൂപ മെറ്റീരിയൽ വർക്കുകൾക്കായി ചെലവഴിച്ചതാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22080 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 1452600 | 84 |
| വിധവാപെൻഷൻ | 10063200 | 546 |
| വാർദ്ധക്യകാലപെൻഷൻ | 11148300 | 619 |
| വികലാംഗപെൻഷൻ | 2292300 | 128 |
| വിവാഹ ധനസഹായം | 0 | 0 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 216000 | 12 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.11.2021 ന് 10.45 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3703/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, ലൊക്കേഷൻ എന്നിവ കാണിക്കുന്ന രജിസ്റ്റർ പൂർണ്ണമല്ല.

3.മെഡിക്കൽ ഓഫീസർ,(പി.എച്ച്.സി), അസി. സെക്രട്ടറി, കൃഷി ഓഫീസർ, വി.ഇ.ഒ എന്നീ നിർവ്വഹണോദ്യോഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4.പഞ്ചായത്തുമായി കരാറിലേർപ്പെടുമ്പോൾ കരാറുകാരെ കൊണ്ട് നിയമ പ്രകാരമുള്ള വ്യവസ്ഥകൾ എഴുതി ഒപ്പ് വെയ്പ്പിക്കാതെയും സാക്ഷ്യപ്പെടുത്താതെയും മുദ്രപത്രം മാത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുന്ന പ്രവണത കാണുന്നു. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

5.ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

13- പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ( ജി.ഒ.(എം.എസ്.72/2017 /ത.സ്വ.ഭ.വ, തീയതി-29-3-2017) ഓരോ തദ്ദേശ ഭരണസ്ഥാപനവും മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് റോഡ്/ റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഇത്തരത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

6. 2013-ലെ കേരള സ്റ്റോർ പർച്ചേസ് മാന്വലിൽ നിഷ്കർശിക്കുന്ന വിധത്തിൽ വാർഷിക ആവശ്യകതാ നിർണ്ണയം നടത്താതെയാണ് സ്റ്റോർ പർച്ചേസ് നടത്തിയിട്ടുള്ളത്.

7. അസിസ്റ്റന്റ് എഞ്ചിനീയർ ടെണ്ടർ ഫോറം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
8. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.11.2021 | 11/2021 | 17.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.12.2010 | 2005-06 മുതൽ 2009-10 വരെ | 31.01.2011 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1) താഴെ പറയുന്ന ഇനങ്ങളിലെ വരവ് വാർഷികകണക്ക്, ഡി.സിബി രജിസ്റ്റർ എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷികകണക്ക് പ്രകാരമുള്ള വരവ് | ഡി.സിബി രജിസ്റ്റർ/സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|
| Permit Fee For Running Machinery | 3620 രൂപ | 4640രൂപ | 1020രൂപ |
| Property Tax Current Collection+ Advance Colletion Of Property Tax | 5226215 രൂപ+107925 =5334140 | 5241918 രൂപ | 92222 രൂപ |

2) വാർഷികകണക്കിലെ B-7 ഷെഡ്യൂൾ പ്രകാരം 262786/- രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ഉണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇവയുടെ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.

3) വാർഷികകണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ഇനത്തിൽ 4453347/- രൂപ ഉണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഇവയുടെ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.

4) പഞ്ചായത്തിന്റെ താഴെ പറയുന്ന അക്കൗണ്ടുകൾ പ്രതിമാസ റിക്കൺസിയലേഷൻ നടത്തിയിട്ടില്ല.

| ക്രമ നം. | ബാങ്ക്, അക്കൗണ്ട് | 31.03.2021 ലെ ബാലൻസ് | അകൌണ്ട് നം. |
|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് (ടി.എസ്.സി) | 366501 | 40147111000229 |
| 2 | തിരൂർ കോ-ഓപ്പറേറ്റീവ് അർബൺ ബാങ്ക്. | 5584 | 2206007007730 |
| 3 | കേരള ഗ്രാമീൺ ബാങ്ക് ചമ്രവട്ടം | 14776982 | 40147100107767 |
| 4 | ട്രഷറി തനത് ഫണ്ട് | 913751 | 71505140000009 |

കൂടാതെ മേൽ പട്ടികയിലെ ക്രമ നം. 1,2 ലെ അക്കൗണ്ടുകളുടെ ബാങ്ക്-ബുക്ക്, പാസ്-ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5) താഴെ പറയുന്ന പ്രത്യേക ഉദ്യേശ ഗ്രാന്റുകളിൽ ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് അവയുടെ അകൌണ്ടുകളുടെ (B-17) ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | B-4 ഷെഡ്യൂൾ പ്രകാരം | B- 17 ഷെഡ്യൂൾ പ്രകാരം | വ്യത്യാസം |
|---|---|---|---|
| Literacy Scheme Grant | 81481 | 2905 | 78576 |
| Total Sanitation Campign (TSC) | 244010 | 366501 | 122491 |

6) വാർഷികകണക്കിലെ B-5 ഷെഡ്യൂൾ പ്രകാരം 15722566/- വായ്പ ഇനത്തിൽ അവശേഷിക്കുന്നുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7) വാർഷികകണക്കിലെ RP-41 ഷെഡ്യൂൾ പ്രകാരം 242944/-രൂപ Investments -Equity Shares ഉണ്ട്. എന്നാൽ ബാലൻസ് ഷീറ്റിലെ B- 12 ഷെഡ്യൂൾ പ്രകാരം Investment -Equity Shares ഇനത്തിൽ 223152 /- രൂപയാണ് നീക്കിയിരിപ്പ്. ( 2018-19വാർഷികകണക്കിലെ B- 12 ഷെഡ്യൂൾ പ്രകാരം ബാലൻസ് 223152 /- രൂപ).

8) എല്ലാ ആസ്തികളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

9)ജനറൽ പർപ്പസ് ഫണ്ടിലെ വരവ് എ.സി.ആർ. പ്രകാരം 17336876/-രൂപയാ്. എന്നാൽ എ.എഫ്.എസ്.പ്രകാരം 15479200/-രൂപയാണ്. വ്യത്യാസം വിശദമാക്കിയിട്ടില്ല.

## 1-12 കെട്ടിട നിർമ്മാണ പെർമിറ്റ് -അപാകതകൾ.

ശ്രീ. ഹസ്സൻക്കുട്ടി& കാദർക്കുട്ടി ചുണ്ടൻവീട്ടിൽ പഴയഒറ്റയിൽ (വീട്) , കണ്ണംകുളം എന്നവർക്ക് അനുവദിച്ച വാണിജ്യാവശ്യത്തിനുള്ള A3-BA(259816)/2019 (അപേക്ഷ നം-A3/2116/2019)നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2011 ലെ ചട്ടം104 (1) പ്രകാരം വൈകല്യമുള്ള വ്യക്തികൾക്ക് വേണ്ടി കെട്ടിടത്തിന്റെ പ്രധാന കവാടത്തിലേക്ക് റാമ്പിലൂടെയുള്ള സുഗമമായ പ്രവേശന സൌകര്യവും, ചട്ടം 104(4) പ്രകാരം വൈകല്യമുള്ള ആളുകൾക്ക് സജ്ജീകരിക്കുന്ന ടോയിലറ്റിലേക്ക് എളുപ്പത്തിൽ എത്താൻ സാധിക്കുന്നതിനുള്ള മാർഗവും സജ്ജീകരിക്കരിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(12/2019-20 Dt.10.12.2021)ക്ക് കെട്ടിടത്തിന്റെ ഗ്രൌണ്ട് ഫ്ലോർ ലെവലും, മുറ്റം ലെവലും തമ്മിൽ ഉയര വ്യത്യാസം ഇല്ലാത്തതിനാൽ കെട്ടിടത്തിന്റെ പ്രധാന കവാടത്തിലേക്ക് പ്രവേശിക്കുന്നതിന് റാമ്പ് സജ്ജീകരിക്കേണ്ടതില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്.
കെട്ടിടം നിർമ്മിക്കാൻ ഉദ്ദ്യേശിക്കുന്ന 820 ച.മീറ്റർ പ്ലോട്ടിൽ 465 ച.മീറ്റിൽ കെട്ടിടം, 135 ച.മീറ്റിൽ കാർ പാർക്കിംഗ്, 35 ച.മീറ്റിൽ ഇരുചക്ര വാഹന പാർക്കിംഗ് , ആവശ്യമായ മറ്റു സെറ്റ്ബാക്കുകൾ എന്നിവ ഉൾപ്പെടെ പരമാവധി വിസ്തൃതി വിനിയോഗിക്കുന്ന തരത്തിലുള്ളതാണ്. ആയതിനാൽ ഈ പ്ലോട്ടിൽ മറ്റു നിർമ്മാണങ്ങൾക്ക് ആവശ്യമായ ഒഴിഞ്ഞ സ്ഥലം ലഭ്യമാകുന്നില്ല. കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുന്ന വേളയിൽ നിയമാനുസൃതം നിർമ്മാണം നടത്തി എന്ന് ഉറപ്പാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 12/10-12-2021 )

## 1-13 സ്വയം തൊഴിലിന് ഓട്ടോറിക്ഷ - ഓട്ടോറിക്ഷ വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് : 249/20 യുവാക്കൾക്ക് ഓട്ടോറിക്ഷ

അടങ്കൽ : 1300000/- (100000/- വികസന ഫണ്ട്- ജനറൽ +1200000/- വായ്പ)

ചെലവ് : 100000/- ബിൽ നമ്പർ 03/19-20/24.09.19(100000/- വികസന ഫണ്ട്- ജനറൽ)

മേൽ പ്രോജക്ട് പ്രകാരം തിരൂർ മോട്ടോർ ട്രാൻസ്പോർട്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും വായ്പ എടുത്ത് ഓട്ടോറിക്ഷ വാങ്ങുന്നതിനായി 50000/- രൂപ സബ്സിഡി ഇനത്തിൽ താഴെ പറയുന്ന 2 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവ് |
|---|---|
| 1 | അബ്ദുൾ ജലീൽ കോലോത്ത് പറമ്പിൽ |

| | |
|---|---|
| 2 | ജാസിർ ഹുസൈൻ കോലോത്ത് പറമ്പിൽ |

എന്നാൽ മേൽ ഗുണഭോക്താക്കൾ ഓട്ടോറിക്ഷ വാങ്ങിയതിന്റെ രേഖകളൊന്നും ഫയലിൽലഭ്യമാക്കിയില്ല. വാഹനം വാങ്ങിയതിന്റെ RC ബുക്കിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/*2019-20*/13.12.2021) മറുപടി ലഭ്യമാക്കിയില്ല. അനുബന്ധ രേഖകൾ ലഭ്യമാവുന്നതു വരെ ചെലവു തുക 100000/- രൂപ തടസ്സം ചെയ്യുന്നു.

## 1-14 മരങ്ങൾ ലേലം ചെയ്തില്ല

പുത്തൻപടി-ഹനുമാൻകാവ് പാവേരിക്കര ലക്ഷം വീട് കോളനി റോഡിൽസ്ഥിതി ചെയ്തിരുന്ന 2 മരങ്ങൾ മുറിച്ചുമാറ്റുന്നതിന് എം കെ ഷംസുദ്ദീൻ എന്നയാൾക്ക് 22000545/27.11.20 നം വൗച്ചർ പ്രകാരം 22500 രൂപ നൽകിയിട്ടുണ്ട്. എന്നാൽ മുറിച്ച മാറ്റിയ മരങ്ങൾ ലേലം ചെയ്യുന്നതിന് നടപടികളായില്ല.മരങ്ങൾ മുറിച്ച മാറ്റിയതും ലേല നടപടികൾ സംബന്ധിച്ച വിവരവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/7.12.21(19-20)ക്ക് ലഭ്യമാക്കിയ മറുപടിയിൽ 12.7.19 തീയതിയിലെ ട്രീ കമ്മിറ്റിയുടെ 1 നമ്പർ തീരുമാന പ്രകാരം ട്രീ കമ്മിറ്റിയുടെ അനുമതി പത്രം ലഭ്യമായിട്ടുണ്ട് എന്നും മുറിച്ച മാറ്റിയ മരങ്ങളുടെ വാല്വേഷൻ ലഭ്യമാക്കുന്നതിനായി 26.10.19 തീയതിയിലെ എ4-6182/ 19 നം കത്തു പ്രകാരം മലപ്പുറം സാമൂഹ്യ വനവൽക്കരണ വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.ലേലനടപടികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 പി എച് സി നവീകരണം NRHMന് വിഹിതം നൽകൽ -അപാകതകൾ

പ്രൊജക്ടിന്റെ പേര് : പി എച് സി നവീകരണം NRHMന് വിഹിതം നൽകൽ

പ്രൊജക്ട്നം : 213/19-20
നിർവ്വഹണം: സെക്രട്ടറി

അടങ്കൽ : 485282/- തനതുഫണ്ട്

ചെലവ് : 485282/-( വൗച്ചർ നം 51900865/3.3.20)

മേൽ പ്രൊജക്ട പ്രകാരം പി എച് സിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായി 485282/തനതു ഫണ്ടിൽ നിന്നും പിൻവലിച്ച് NRHM ന് (ജില്ലാ ആരോഗ്യ കുടുംബ ക്ഷേമ കേന്ദ്രം) നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിക്കുന്നതിന് ആധാരമാക്കിയ അനുമതി പത്രം, 485282 രൂപയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 9/7.12.21(19-20) മറുപടി ലഭ്യമാക്കിയില്ല. NRHMന് വിഹിതം നൽകിയത് സംബന്ധിച്ച അനുമതി പത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവുരേഖകൾ ലഭ്യമാക്കുന്നതുവരെ തുക തടസ്സം ചെയ്യുന്നു.

## 1-16 പകൽവീട്- വാടക നൽകിയതിലെ അപാകത

നിർവ്വഹണം : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പ്രോജക്ട് നം : 32/2019-20

പ്രോജക്ടിന്റെപേര് : പകൽവീട്

അടങ്കൽ : 3.5 ലക്ഷം(വികസന ഫണ്ട്)

ആകെ ചെലവ് :242032

ബിൽ തുക-107960 ബിൽ നം.2/ 14.5.20

മേൽ പ്രൊജക്ട് പ്രകാരം സി.എസ്. ഐ ട്രസ്റ്റിന്റെ പാറപ്പേരിയിൽ പ്രവർത്തിച്ചിരുന്ന പകൽവിടിന്റെ വാടകയിനത്തിൽ 101460 രൂപ മേൽ ബിൽ പ്രകാരം സി.എസ്. ഐ ട്രസ്റ്റിന് നൽകിയിട്ടുണ്ട്.എഗ്രീമെന്റ് പ്രകാരം 10156 രൂപയാണ് മാസവാടക. സെപ്റ്റംബർ 2019 വരെയാണ് കരാറുടമ്പടിയുടെ കാലാവധി.സി.എസ്. ഐ ട്രസ്റ്റിന് നൽകിയ

101460 രൂപ ഏതു കാലയളവിലേയ്ക്കു നൽകിയ തുകയാണ് എന്നത് സംബന്ധിച് വിശദവിവരം ഫയലിൽ ലഭ്യമല്ല. പ്രസ്തുത വിവരം ഓഡിറ്റിന് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(16/13.12.2021(2019-20 ) ലഭ്യമാക്കിയ മറുപടിയിൽ 3/2019 മുതൽ 12/19 യാണ് വാടക നൽകിയത് എന്നും മൂന്ന മാസം വാടക എഗ്രീമെന്റ് പൂതുക്കാതെ നൽകിയത് മാപ്പാക്കണമെന്നും അപേക്ഷിച്ചിരിയ്ക്കുയാണ്.എഗ്രീമെന്റ് പൂതുക്കാതെ വാടക നൽകിയത് ക്രമപ്രകാരമല്ല. അപാകതകൾ ആവർത്തിയ്ക്കാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-17 തെരുവു വിളക്കു റിപ്പയർ: അപാകതകൾ

നിർവ്വഹണം: സെക്രട്ടറി

പ്രൊജക്ടിന്റെ പേര് : തെരുവു വിളക്കു റിപ്പയർ

പ്രൊജക്ട്നം : 91/19-20,

അടങ്കൽ : 490000/- തനതു ഫണ്ട്

ചെലവ് : 490000/-(വൗച്ചർ നം.51900537/8.11.19)

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്തിലെ കേടുവന്ന 500 തെരുവു വിളക്കുകൾ റിപ്പയർ ചെയ്തു നൽകിയതിന് കുറഞ്ഞ തുക ക്വാട്ട് ചെയ്ത അബൂബക്കർ എന്ന കരാറുകാരന് 450800/-(1% IT,2% GST 5 ശതമാനം റീ ടെൻഷൻ തുക എന്നിവ കിഴിച്ച്) നൽകിയിട്ടുണ്ട്. GST ഉൾപ്പെടെ 980 രൂപയാണ് ക്വാട്ട് ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകത താഴെ ചേർക്കുന്നു.

1) മുഴുവൻ വാർഡുകളിലേയും കേടുവന്ന തെരുവു വിളക്കുകളുടെ പട്ടിക തയ്യാറാക്കി റിപ്പയർ ചെയ്തു പ്രവർത്തനക്ഷമമാക്കുക എന്നതാണ് പ്രൊജക്ട് പ്രകാരം ഉദ്ധേശിച്ചിട്ടുള്ളത്.എന്നാൽ പ്രൊജക്ട് പ്രകാരമുള്ള തെരുവു വിളക്കുകളുടെ പട്ടിക തയ്യാറാക്കിയിട്ടില്ല.

2)തെരുവു വിളക്കു രജിസ്റ്റർ പ്രകാരം854 സ്ട്രീറ്റ് ലൈറ്റുകളാണ് പഞ്ചായത്തിനുള്ളത്. ഇതിൽ കേടുവന്നവ എത്രയാണ് എന്നതു സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല.

അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം (7 /7.12.21(19-20)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവു തുക തടസ്സം ചെയ്യുന്നു.

## 1-18 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.

ജി.ഒ. (എം.എസ്) നമ്പർ 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ (ജി.എസ്.ടി.യുൾപ്പെടെ) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ജി.ഒ. (എം.എസ്).3186/2017 /LSGD/2-10-2017 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇ ടെണ്ടറിന് വേണ്ടി ഗ്രാമപഞ്ചായത്ത് തിരൂർ എസ്.ബി.ഐ. യിൽ 19.11.2021 ന് കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (അക്കൗണ്ട് നമ്പർ- 40581302477) . എന്നാൽ ഗ്രാമപഞ്ചായത്തിന് ഇ-ടെണ്ടർ ചെയ്തതിലൂടെ ലഭിക്കാനുള്ള ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. 2019-20 വർഷത്തിൽ ഇ- ടെണ്ടർ ചെയ്തതിലൂടെ ലഭിക്കാനുള്ള തുകകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫീ | ആകെ |
|---|---|---|---|
| 86/20 | 4 | 1220 | 4880 |
| 85/20 | 2 | 2000 | 4000 |
| 122/20 | 3 | 1160 | 3480 |

| | | | |
|---|---|---|---|
| 313/20 | 2 | 1260 | 2520 |
| 94/20 | 2 | 1467 | 2934 |
| 69/20 | 2 | 1478 | 2956 |
| 285//20 | 2 | 1480 | 2960 |
| 319/20 | 2 | 1820 | 3640 |
| | ആകെ | | 27370 |

ഇത് സംബന്ധിച്ച് നൽകിയ 13/13-2-21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ എക്സി. എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുക ലഭ്യമാകുന്നമുറയ്ക്ക് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുമെന്നും അറിയിച്ചു. മേൽ തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-19 ചെങ്കൽ പടവിന് അധികനിരക്കിൽ തുക നൽകി- 21667 രൂപ തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ചെങ്കല്ല് ഉപയോഗിച്ച് ഫൗണ്ടേഷൻ കെട്ടിയതിന് അപ്രൂവഡ് ഒബ്സർവ്ഡ് ഡാറ്റ 50.6.7.2 പ്രകാരമുള്ള 6828.11/m3 നിരക്കാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. ഈ നിരക്ക് പ്ലിന്ത് ലവൽ മുതൽ രണ്ടാം നിലവരെയുള്ള സൂപ്പർ സ്ട്രക്ചർ പടവിന് നൽകുന്ന നിരക്കാണ്. ഫൗണ്ടേഷൻ പടവിന് ബാധകമായത് അപ്രൂവ്ഡ് ഒബ്സർവ്ഡ് ഡാറ്റ 50.6.7.1പ്രകാരമുള്ള നിരക്കാണ്. (6314.59/m3)

ഇപ്രകാരം തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് വഴി കരാറുകാർക്ക് അധികം നൽകിയ 21667 രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരിച്ചടവാക്കി. (ഓഡിറ്റ് എൻക്വയറി നമ്പർ- 8/2020-21/8.12.2021)

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നല്കാവുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|---|
| 1 | ഇഖ്റഹ് ആനപ്പടി ഫുട്പാത്ത് നിർമ്മാണം<br>പ്രോജക്ട് നമ്പർ -259/20<br>TS-250000 (CFC)<br>ചെലവ് തുക- 229401<br>കരാറുകാരൻ ശ്രീ. പി.കെ. ഉമ്മർ,<br>അളവ് പുസ്തകം 72/17-18<br>DSR 2016 കോസ്റ്റ് ഇൻഡക്സ് 37.25%<br>ചെക്ക് നമ്പർ- 3097724/16.11.2019<br>തുക 90807 രൂപ | 8.484 M3 | 53573<br>@ 6314.59/m3 | 57930<br>@ 6828.11/m3 | 4357 |
| 2 | ചിറക്കൽപ്പറമ്പ് -കാവന്ചേരി ഫുട്പാത്ത് സൈഡ് കെട്ടി ഫില്ലിംഗ്. | 20.288 M3<br>(പേജ്-5) | 128110<br>@ 6314.59/m3 | 138529<br>@ 6828.11/m3 | 10419 |

| | | | | | |
|---|---|---|---|---|---|
| | പ്രോജക്റ്റ് നമ്പർ -198/20<br>TS-370000 (CFC)<br>ചെലവ് തുക- 354992<br>കരാറുകാരൻ ശ്രീ. വി.പി.വാസു<br>അളവ് പുസ്തകം -126/17-18<br>DSR 2016 കോസ്റ്റ് ഇൻഡക്സ് 37.25%<br>ബിൽ നമ്പർ- 21/11-6-2019<br>തുക 354992രൂപ | | | | |
| 3 | തലൂക്കര അങ്കണവാടി ഫുട്പാത്ത് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നമ്പർ -201/20<br>TS-490000 (CFC)<br>ചെലവ് തുക- 484215<br>കരാറുകാരൻ ശ്രീ. കിഷോർ കുമാർ<br>അളവ് പുസ്തകം 181/18-19<br>DSR 2016 കോസ്റ്റ് ഇൻഡക്സ് 37.25%<br>ബിൽ നമ്പർ- 20/11-6-2019<br>തുക 484215രൂപ | 10.84 M3<br>(പേജ്-4) | 68450<br>@ 6314.59/m3 | 74017<br>@ 6828.11/m3 | 5567 |
| 4 | ഇക്റഹ് ആനപ്പടി ഫുട്പാത്ത് പൂർത്തീകരണം<br>പ്രോജക്റ്റ് നമ്പർ- 238/20 (സ്പിൽഓവർ)<br>എം. ബുക്ക് - 218/19-20<br>മൂല്യനിർണ്ണയം -220035<br>ബിൽ | 2.88 M3<br>(പേജ്-4) | 18186<br>@ 6314.59/m3<br>ടെണ്ടർ കുറവ് 10.5 % Below യിൽ പരിമിതപ്പെടുത്തിയാൽ<br>16276 | 19665<br>@ 6828.11/m3<br>ടെണ്ടർ കുറവ് 10.5 % Below യിൽ പരിമിതപ്പെടുത്തിയാൽ<br>17600 | 1324 |

| | | | | | | |
|---|---|---|---|---|---|---|
| | നം-60/28.1.2020<br>-220035രൂപ<br>കരാറുകാരൻ - ശ്രീ. പി.കെ ഉമ്മർ (10.5 %Below)<br>Cost Index-37.25% (2016 DSR)<br>സാങ്കേതികാനുമതി തുക-250000 | | | | |
| | ആകെ | | | | 21667 |

തുക അടവാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| രശീതി നമ്പർ | തുക |
|---|---|
| 121130103878/9.12.2021 | 4357 |
| 121130103887/9.12.2021 | 10419 |
| 121130103914/10.12.2021 | 5567 |
| 121130103879/9.12.2021 | 1324 |
| ആകെ | 21667 |

ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതു അപാകതകൾ

2019-20വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ ചെലവ് വിശകലനം ചുവടെ കൊടുക്കുന്നു.

| ആകെ പദ്ധതി | 187 | ആകെ അടങ്കൽ | 61255789 |
|---|---|---|---|
| നടപ്പിലാക്കിയത് | 83 | ചെലവ്<br>(31.3.2020 ന് ട്രഷറിയിൽ ക്യൂ വിലായിരുന്ന ബില്ലുകൾ ഉൾപ്പെടുത്തിയിട്ടില്ല) | 24131666 |
| ശതമാനം | 44 | ചെലവ് ശതമാനം | 39 |

മരാമത്ത് നിർവ്വഹണത്തിൽ കണ്ടെത്തിയ പൊതു അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പ്രൊജക്ടുക ൾ നിർവ്വഹിക്കപ്പെടാ തെ പോകുന്നു. ഗ്രാമ പഞ്ചായത്ത് ഫണ്ട് ലാപ്സാകുന്നു .

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 187 പ്രോജക്ടുകളാണ് നിർവ്വഹണത്തിന് ഏറ്റെടുക്കുന്നത്. ഏറ്റെടുത്ത പ്രോജക്ടുകളിൽ 104 എണ്ണം നിർവ്വഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. 9 സ്പിൽഓവർ പ്രൊജക്ടുകൾ നടപ്പാക്കാനായില്ല. പുതിയ പ്രോജക്ടുകളിൽ ഭൂരിഭാഗവും നടപ്പാക്കാനായില്ല. പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ്. നിരവധി ജീവനക്കാരുടെ അധ്വാനവും പൊതു ധനവും പൊതു സൗകര്യങ്ങളും പ്രയോജനപ്പെടുത്തിയാണ് ഓരോ പ്രോജക്ടും തയ്യാറാക്കുന്നത്. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിർവ്വഹണം നടത്താതെ വരുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതിനും വകയിരുത്തിയ ഫണ്ട് ലാപ്സാകുന്നതിനും ഇടയാക്കുന്നു. അസി. എഞ്ചിനീയറുടെ പ്രോജക്ടുകൾ നടപ്പിലാക്കാത്തതിനാൽ മാത്രം 3,71,24,123 രൂപ തൻ വർഷം ലാപ്സായിട്ടുണ്ട്.

ഏറ്റെടുക്കുന്ന പ്രവൃത്തികൾ എല്ലാം തൻവർഷം തന്നെ പൂർത്തിയാക്കുന്നതിന് ക്രിയാത്മക നടപടികൾ ഉണ്ടാവേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

മരാമത്ത് മേഖലയ്ക്ക് ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിക്കുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് ഇടയാക്കുന്നു. ഇത് പ്രോജക്ടുകളുടെ നിർവ്വഹണം പ്രയാസകരമാക്കുന്നതും പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിലുള്ള എഞ്ചിനീയറിംഗ് സംവിധാനത്തിന് സാധിക്കാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ് , സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. റോഡ് കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്ക  ിയിട്ടില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി പ്ലാനും റോഡ് കണക്റ്റിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് സർക്കാരിന്റെ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗ രേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത് എന്നിരിക്കെ ഗ്രാമ പഞ്ചായത്ത് റോഡ് കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല.

റോഡ് കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കുന്നതിന് വികസന സ്റ്റാൻറിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

3. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല .

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാക്കുന്നതിന് അതാത് സ്റ്റാൻറിംഗ് കമ്മിറ്റികൾ നേതൃത്വപരമായ ഇടപെടൽ നടത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുമാണ്.

4. വ്യാപകമായി റോഡ് കോൺക്രീറ്റിഗ് പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നു .

ഐ.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരം റോഡ് നിർമ്മാണ /പുനരുദ്ധാരണ പ്രവൃത്തികളിൽ മെറ്റലിംഗും ടാറിംഗുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മെറ്റലിംഗും ടാറിംഗും പ്രായോഗികമല്ലാത്ത റോഡുകളിലാണ് കോൺക്രീറ്റിഗ് ആവശ്യമായി വരുന്നത്. ഇക്കാര്യം പരിഗണിക്കാതെ റോഡുകൾ വ്യാപകമായി കോൺക്രീറ്റിഗ് നടത്തുന്നത് മൂലം രണ്ട് കിലോമീറ്ററോളം നീളമുള്ള പഞ്ചായത്ത് റോഡുകളിൽ ഏതാനും മീറ്ററുകൾ മാത്രമേ ഓരോ വർഷവും പുനരുദ്ധരിക്കാൻ കഴിയുന്നുള്ളൂ . മാത്രമല്ല ഒരു മീറ്റർ (.80 മുതൽ 1.2മീറ്റർ ) വീതിയുള്ള നടപ്പാതകള്ക്ക് പോലും കോൺക്രീറ്റിംഗിന് 15 സെ.മീ. കനം അനുവദിക്കുന്നുണ്ട്. ഭാരമേറിയ വാഹനങ്ങൾ പ്രവേശിക്കാത്ത കാൽനട യാത്രക്ക് മാത്രമുള്ള ഇത്തരം നടപ്പാതകൾക്ക് ( 10-12 സെ.മീ) കനം മാത്രം മതിയാകും. ആയതിനാൽ നടപ്പാതകൾക്ക് അമിത കനം നൽകുന്നതും റോഡ് കോൺക്രീറ്റിംഗ് വ്യാപകമാക്കുന്നതും നിരുത്സാഹപ്പെടുത്തേണ്ടതാണ്.

മേൽ അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.14/19-20/13-12-21 )

## 1-21 അസി. എഞ്ചിനീയറുടെ രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിലും കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion) രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ

പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ കഴിയാതെ വരുന്നു.

2. പി.ഡബ്യൂ.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

3. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം 10 , ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. മിക്ക ഫയലുകളിലും കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസുകൾ അപൂർണ്ണമാണ്. കരാറുകാരുടെ പേരും വിശദാംശങ്ങളും, കത്ത് നൽകുന്ന തിയതി, കരാർ വെയ്ക്കേണ്ട തിയതി, ഫൈനോട് കൂടി കരാർ വെയ്ക്കേണ്ട തിയതി എന്നിവയൊന്നും സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്തുന്നില്ല.

5. ക്യാഷ് ബുക്കിന്റെ വരവ് ഭാഗത്ത് തിയതി രേഖപ്പെടുത്തുന്നില്ല.

6. റോഡ് നിർമ്മാണ പ്രൊജക്ടുകളിൽ എസ്റ്റിമേറ്റ് റിപ്പോർട്ടുകളിലോ സൈറ്റ് പ്ലാനിലോ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിലെ കൃത്യമായ ചെയ്നേജ് രേഖപ്പെടുത്തുന്നില്ല. റോഡിതര പ്രവൃത്തികളിലും പ്രവൃത്തി നടപ്പാക്കുന്ന കൃത്യമായ ലൊക്കേഷൻ ഫയലിൽ ചേർക്കുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.15/19-20/13-12-21 )

## 1-22 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

1)പ്രൊജക്ടിന്റെ പേര് : IKM ന് വിഹിതം നൽകൽ
നിർവ്വഹണം: സെക്രട്ടറി

പ്രൊജക്ട്നം : 2/19-20,

അടങ്കൽ : 91800/- വികസനഫണ്ട്,

ചെലവ് : 90100/- (ബിൽനം 2/19-20 29.3.20)

മേൽ പ്രൊജക്ട പ്രകാരം IKM ന് നൽകിയ 90100 രൂപയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2)പ്രൊജക്ടിന്റെ പേര് : SSAവിഹിതം നൽകൽ

പ്രൊജക്ട്നം : 3/19-20,

അടങ്കൽ : 1750200/- വികസനഫണ്ട്,

ചെലവ് : 1750200/-

ബിൽനം 1/19-20/29.5.19,തുക-950200/-

ബിൽനം 6/19-20/27.8.19,തുക-8ലക്ഷം

മേൽ പ്രൊജക്ട പ്രകാരം SSA ജില്ലാ പ്രൊജക്ട് ഓഫീസർ മലപ്പുറത്തിന് നൽകിയ 1750200 രൂപയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (4/7.12.21(19-20)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 തുറസ്സായ സ്ഥലത്തുള്ള മണ്ണ് ഫില്ലിംഗിന് ട്രഞ്ചിൽ മണ്ണ് ഫില്ല് ചെയ്യുന്ന നിരക്കിൽ തുക നൽകി -ഓഡിറ്റ് എൻക്വയറിയെ തുടർന്ന് അധിക തുക തിരിച്ചടവാക്കി

പ്രൊജക്ടിന്റെ പേര്- മലായ റോഡ് സൈഡ് കെട്ടി ഫില്ലിംഗ്

പ്രോജക്ട് നമ്പർ- 100/19 ( സ്പിൽ ഓവർ -193/20)

സാങ്കേതികാനുമതി തുക - 400000

സാങ്കേതികാനുമതി നമ്പർ- LSGD/TS/2019-20/99197 തിയ്യതി 25.1.2020

ഫണ്ടിനം- എം.ജി.(റോഡ്)

കരാറുകാരൻ- ശ്രീ. പി.മുഹമ്മദ് കുട്ടി ( എസ്റ്റിമേറ്റ് നിരക്കിൽ)

എഗ്രിമെന്റ് - 45/AE/TPGD/2018-19/28.11.2018

കോസ്റ്റ് ഇൻഡക്സ്- 37.25%

എം.ബുക്ക് നമ്പർ- 175/18-19

ബിൽ നമ്പർ- 6/6.5.2019, 399105 രൂപ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇനം 3ആയി കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ് ഉൾപ്പെടുത്തിയിട്ടുണ്ട്. 87.4 മീറ്റർ നീളത്തിൽ റോഡിന്റെ സൈഡ് കെട്ടി ഫില്ലീംഗ് ചെയ്യുന്ന പ്രവൃത്തിക്ക് തുറസ്സായ സ്ഥലങ്ങളിൽ മണ്ണ് നിറക്കുന്നതിനുള്ള ഡാറ്റ 50.2.26.1 (Filling With Contractor's Own Earth In Open Areas In Layers Not Exceeding 20 Cm In Depth, Consolidating Each Deposited Layer By Ramming And Watering Lead Upto 50 Metres And Lift Upto 1.5 Metre) പ്രകാരമുള്ള നിരക്കാണ് അനുവദനീയമായിട്ടുള്ളത്.. എന്നാൽ പ്ലിൻത്, ട്രഞ്ച്, ഫൗണ്ടേഷൻ എന്നിവയിൽ മണ്ണ് നിറക്കുന്നതിനുള്ള 50.2.25.1 ഡാറ്റ ( Filling With Contractor's Own Earth In Trenches, Plinth, Sides Of Foundations Etc. In Layers Not Exceeding 20 Cm In Depth, Consolidating Each Deposited Layer By Ramming And Watering Lead Upto 50 Metres And Lift Upto 1.5 Metre) പ്രകാരമുള്ള ഉയർന്ന നിരക്കാണ് നൽകിയത്. DsoR 2016 ൽ 37.25 Cost Index ചേർത്ത് 50.2.26.1 ഡാറ്റക്ക് നൽകാവുന്ന നിരക്ക് ക്യൂബിക് മീറ്ററിനു 273.47രൂപയും 50.2.25.1 ഡാറ്റക്ക് നൽകാവുന്ന നിരക്ക് ക്യൂബിക് മീറ്ററിനു 427.21 രൂപയുമാണ്.

പ്രവൃത്തി മൂല്യനിർണ്ണയം ചെയ്ത് കണക്കാക്കി നൽകിയതും യഥാർത്ഥത്തിൽ നൽകാവുന്നതുമായ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ ചെയ്ത ഫില്ലിംഗ് പ്രവൃത്തി | 62.079 ഘനമീറ്റർ |
| നൽകിയ തുക | 62.079x 427.19= 26519 രൂപ |
| നൽകാവുന്ന തുക | 62.079X273.47 = 16977 രൂപ |
| അധികം നൽകിയത് | 9542 രൂപ |

അധിക തുക നൽകിയത് സംബന്ധിച്ച് 21/20-21/10.12.2021 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അധികം നൽകിയ 9542 രൂപ

രശീതി നമ്പർ- 121130104032/13.12.2021 പ്രകാരം തിരിച്ചടവാക്കി.

## 1-24 ഹരിത കർമ്മസേന പ്രവർത്തനം തൃപ്തികരമല്ല.

പ്രോജക്ട് : 192/20 ഖരമാലിന്യ പരിപാലനം

അടങ്കൽ : 999280/-(ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് : 998162

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം ചെലവഴിച്ച 998162/- രൂപയുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ബിൽ നമ്പർ | തുക | റിമാർക്സ് |
|---|---|---|---|
| 1 | 01/19-20 /24.06.2019 | 336000 | ഹരിത കർമ്മസേനക്ക് വിജിഎഫ് ഇനത്തിൽ നൽകിയത് |
| 2 | 11/19-20 /28.102019 | 115676 | IRTC മുണ്ടൂർ എന്ന ഹരിതസഹായ സ്ഥാപനത്തിനു നൽകിയ 4 മാസത്തെ തുക (28918/month)<br>കരാർ തിയ്യതി 17.05.2019 |
| 3 | 12/19-20 /28.10.2019 | 171300 | ഹരിത കർമ്മസേനക്ക് വിജിഎഫ് ഇനത്തിൽ നൽകിയത് |
| 4 | 12/19-20 /28.10.2019 | 269850 | ഹരിത കർമ്മസേനക്ക് വിജിഎഫ് ഇനത്തിൽ നൽകിയത് |
| 5 | 20/19-20 /10.02.2020 | 47500 | ഹരിത കർമ്മസേനക്ക് വിജിഎഫ് ഇനത്തിൽ നൽകിയത് |
| 6 | 24/19-20 /10.02.2020 | 57836 | IIRTC മുണ്ടൂർ എന്ന ഹരിതസഹായ സ്ഥാപനത്തിനു നൽകിയ 2 മാസത്തെ തുക (28918/month) |
| | | 998162 | |

| | | | | |
|---|---|---|---|---|
| | | | | |

മേൽ പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-04-18 -ലെ 10394-D-2017/KSHOനമ്പർ ഉത്തരവ് പ്രകാരമാണ് ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. കുടുബശ്രീ അംഗങ്ങളിൽ നിന്ന് രൂപീകരിക്കുന്ന ഹരിത കർമ്മസേനയെ കൺസോർഷ്യമായും മൈക്രോസംരംഭ ഗ്രൂപ്പുകളായും തരം തിരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപന പരിധിയിൽ ഹരിത സംരംഭങ്ങൾ രൂപീകരിക്കുന്ന ഒരു സംഘടനയാണ് ഹരിത കൺസോർഷ്യം.ഓരോ വാർഡുകളിലേയും വീടുകളുടേയും എണ്ണം അനുസരിച്ച് പരമാവധി 2 പേരെ നിയോഗിക്കേണ്ടതും ഇത്തരത്തിൽ 3 മുതൽ 5 വരെ വാർഡുകളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തി മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതുമാണ്. ഓരോ സംരംഭക പ്രവർത്തന പരിധിയിലും 250 വീടുകളെങ്കിലും ഉണ്ടാകേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ ഘടനാപരമായ സംവിധാനങ്ങൾ പഞ്ചായത്തിൽ ഉണ്ടോ എന്നത് വ്യക്തമല്ല. തുടക്കത്തിൽ 32 പേരാണ് അംഗങ്ങളാക്കിയാണ് ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ചിട്ടുള്ളത്.

2. ഹരിത കർമ്മസേന എന്നാണ് പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചതെന്ന വ്യക്തമല്ല. ഹരിത കർമ്മസേനയെ തെരെഞ്ഞെടുത്തത് അംഗീകരിച്ചുകൊണ്ടുള്ള പഞ്ചായത്ത് തീരുമാനം ലഭ്യമാക്കേണ്ടതാണ്.

3. ഹരിത കർമ്മസേന ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

4. ഹരിത കർമ്മസേനാംഗങ്ങളുടെ അറ്റൻഡൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.

5. മാലിന്യ ശേഖരണത്തിനുള്ള പ്രധാന വരുമാനം ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന യൂസർഫീയാണ്. യൂസർഫീ ശേഖരിക്കുമ്പോൾ ഒരു കളക്ഷൻ ബുക്ക്, കളക്ഷൻ കാർഡ്, രസീത് ബുക്ക് എന്നിവ വേണം. കളക്ഷൻ ബുക്ക് ഹരിത കർമ്മസേനയും കളക്ഷൻ കാർഡ് വീടുകളിലും സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം കളക്ഷൻ കാർഡ് തയ്യാറാക്കി ഉപഭോക്താക്കൾക്ക് നൽകിയിട്ടില്ല. അത് പോലെ എം.സി.എഫിൽ നിന്നും ആർ.ആർ.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയത് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.ഹരിത കർമ്മസേനാംഗങ്ങൾക്ക് യൂസർഫീ ഇനത്തിൽ തുക കലക്ട് ചെയ്യുന്നതിന് ഉപയോഗിക്കുന്ന രശീതി ബുക്കിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിലവിൽ രശീതിബുക്കുകൾ ബാക്കി നിൽക്കുന്നുണ്ടൊ എന്നത് വ്യക്തമല്ല.

6. യൂസർഫീ കളക്ഷൻ എല്ലാ കളക്ഷൻ തീയതികളിലും പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. കലക്ഷൻ രജിസ്റ്ററിൽ ഏതു ദിവസത്തെ കലക്ഷനാണെന്നും ഏതു രശീതി പ്രകാരം പിരിച്ചെടുത്തതാണെന്നും രേഖപ്പെടുത്തുന്നില്ല . ടി തുക ബാങ്കിൽ അടവാക്കുന്നതിന്റെ വിവരവും രേഖപ്പെടുത്തുന്നില്ല.

7. ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ (19.03.2019 ന് കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ച അക്കൗണ്ട് നമ്പർ 40687101024672) കലക്ഷൻ തുക ആതാത് ദിവസം ബാങ്കിൽ അടവാക്കിയതായും കാണുന്നില്ല.

8.ഹരിത കർമ്മസേനാംഗങ്ങൾക്ക് 8,24,650/-രൂപ വി ജി എഫ് ഇനത്തിൽ നൽകിയതായി കാണുന്നു. എന്നാൽ ഏതെല്ലാം മാസങ്ങളിലെ വേതനമിനത്തിലെ തുകയാണ് നൽകിയതെന്നത് വ്യക്തമല്ല. . തുക ഹരിത കർമ്മസേനയുടെ അക്കൗണ്ടിലേക്ക് കൈമാറുകയും പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽതുകയുടെ വിതരണ വിവരം , ഹരിതകർമ്മസേനാംഗങ്ങളുടെ കൈപ്പറ്റ് രശീതി എന്നിവയോന്നും ലഭ്യമാക്കിയിട്ടില്ല.. ആയത് ലഭ്യമാവുന്നത് വരെ ചെലവു തുക 824650/- രൂപ തടസ്സം ചെയ്യുന്നു.

9.ഹരിത സഹായ സ്ഥാപനമായ IRTC മുണ്ടൂരിന് 173512/- രൂപയാണ് മേൽ പ്രോജക്ടിൽ വകയിരുത്തി നൽകിയിട്ടുള്ളത്. 17.05.2019 ന് പഞ്ചായത്തുമായി വെച്ചകരാർ പ്രകാരം പ്രതിമാസം 28918/- രൂപയാണ് IRTC ക്കു നൽകേണ്ടത്. ഇത്തരത്തിൽ 6 മാസത്തെ തുകയാണ് IRTC ക്കു കൈമാറിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന്റെ പ്രതിമാസ പ്രവർത്തനറിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

10. ഹരിതകർമ്മ സേന വഴി ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യുന്നതിന് വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾ സാധ്യമായ ഇടങ്ങളിൽ ക്ളീൻ കേരള കമ്പനിയുമായും അല്ലാത്തിടങ്ങളിൽ അനുയോജ്യമായ മറ്റ് സമാന സ്ഥാപനങ്ങളുമായും കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചാത്തിലെ ഹരിത കർമ്മസേന ഇപ്രകാരം കരാറിൽ ഏർപ്പെട്ടിരുന്നില്ല.

11. ഹരിത കർമ്മസേന സംരംഭകർക്ക് കൃത്യമായ യൂസർഫീ ലഭിക്കുന്നതിന് വേണ്ട സാഹചര്യം ഒരുക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഇതിനായി പ്രദേശത്തെ വീടുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനവും കൺസോർഷ്യവും ചേർന്ന് ഒരു കരാർ വെക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം കരാർ വെച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 22 / *2019-20/* 13.12.2021 ) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമ പഞ്ചായത്തിൽ ആരംഭിച്ച ഹരിത കമ്മസേനയുടെ പ്രവർത്തനം, ആസൂത്രണം, സംഘാടനം , അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിലെ പോരായ്മകൾ,ബോധവൽക്കരണം, മോണിറ്ററിംഗ് തുടങ്ങിയവയുടെ കുറവ്, പൊതു ജനങ്ങളുടെ നിസ്സഹകരണം , കോവിഡ് തുടങ്ങി വിവിധ കാരണങ്ങളാൽ നിർജ്ജീവമാവുകയാണുണ്ടായത്. നിലവിൽ 26.07.2021ന് വീണ്ടും പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനം മലിന്യ നിർമ്മാർജ്ജനം എന്ന വലിയ ലക്ഷ്യത്തിലേക്ക് എത്തുന്നതിന് , കൂട്ടായ പ്രവർത്തനത്തിലൂടെ മേൽ അപാകതകൾ പരിഹരിക്കാൻ ആത്മാർത്ഥമായ ശ്രമം ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 22 / *2019-20* / 13.12.2021)

## 1-25 ലൈഫ് ഭവന പദ്ധതി - അധികതുക നൽകി

2019-20 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം ലൈഫ് ഭവന പദ്ധതിക്കായി തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | പ്രോജക്ട് | അടങ്കൽ | ഫണ്ടിനം | ചെലവിന്റെ വിശദാംശം |
|---|---|---|---|---|
| 1 | 155/20 ലൈഫ് ഭവന പദ്ധതി(ജനറൽ) പി എം എ വൈ (ഗ്രാമീൺ) | 3400000 | വികസന ഫണ്ട് (ജനറൽ) | 3400000 |
| | | 12500000 | സംസ്ഥാനാവിഷ്കൃത ഫണ്ട് | - |
| | | 2800000 | തനത് ഫണ്ട് | - |
| | | 960000 | ജില്ലാ പഞ്ചായത്ത് ഷെയർ | - |
| 2 | 165/20 ലൈഫ് ഭവന പദ്ധതി(എസ് സി) പി എം എ വൈ (ഗ്രാമീൺ) | 1450000 | വികസന ഫണ്ട് (എസ് സി പി) | 80000 |
| | | 1325000 | തനത് ഫണ്ട് | - |
| 3 | 251/20 ലൈഫ് ഭവന പദ്ധതി(ജനറൽ) പി എം എ വൈ (ഗ്രാമീൺ) | 38651 | ജില്ലാ പഞ്ചായത്ത് ഷെയർ | - |
| | | 34744420 | മറ്റുള്ളവ | 1500000 |
| | | | | 4980000 |

മേൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ താഴെ പയുന്ന അപാകതകൾ കാണുന്നു.

1. ലൈഫ് ഭവന പദ്ധതിയിൽ മേൽ പ്രോജക്ടുകൾ പ്രകാരം 4980000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബിൽ O/c യോട് കൂടി സ്റ്റേജ് സർട്ടിഫിക്കറ്റ് , മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഇല്ല .

2 ലൈഫ് ഗുണഭോക്താക്കളുടെ വിവിധ ഗഡുക്കൾ നൽകുന്നതിന് സൂക്ഷിച്ച 2018-19 മുതലുള്ള ഗുണഭോക്താക്കളുടെ രജിസ്റ്റർ ഹാജരാക്കിയെങ്കിലും , ആയത് എഴുതി പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താവിന് ഏതു ഗഡു തുകയാണ് നൽകിയതെന്നോ ഏതു സ്റ്റേജിലാണ് നിർമ്മാണം നിൽക്കുന്നതെന്നോ രജിസ്റ്ററിൽ നിന്നും വ്യക്തമല്ല.

2019-20വർഷത്തിൽ ഭവന നിർമ്മാണത്തിന്റെ ഗഡുക്കൾ വിതരണം ചെയ്യുത്, രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷത്തിലെ ഗുണഭോക്താവായ ശ്രീമതി നസീമ അൻവർ ചോലയിൽ എന്നവർക്ക് ആകെ 440000/- രൂപ നൽകിയതായി കണ്ടു.

| Instalment | Amount | Date | Fund |
|---|---|---|---|
| ഓന്നാം ഗഡു | 40000 | 20.07.2018 | പ്ലാൻ ഫണ്ട് |
| രണ്ടാം ഗഡു | 160000 | 07.01.2019 | ഹഡ്കോ വായ്പ |
| മൂന്നാം ഗഡു | 60000 | 25.02.2019 | ഹഡ്കോ വായ്പ |
| നാലാം ഗഡു | 100000 | വൗച്ചർ നമ്പർ 21900821/29.02.2020 | സംസ്ഥാന വിഹിതം |
| അഞ്ചാം ഗഡു | 40000 | ബിൽ നമ്പർ 05/19-20/31.08.2019 | പ്ലാൻ ഫണ്ട് |
| - | 40000 | ബിൽ നമ്പർ 10/19-20/9.11.2019 | പ്ലാൻ ഫണ്ട് |

അധികം നൽകിയ 40000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാലാണ് ഇത്തരത്തിൽ അപാകത സംഭവിച്ചിട്ടുള്ളത്. രജിസ്റ്റർ പൂർത്തിയാക്കാത്തതിനാൽ ഇത്തരത്തിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്റർ പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

രജിസ്റ്ററിൽ രേഖപ്പെടുത്താത്ത ഗുണഭോക്താക്കളും ഉണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | നൽകിയ തുക | തിയ്യതി |
|---|---|---|---|
| 1 | നബീസ എൻ കെ | 40000 | ബിൽ നമ്പർ 10/2019-20/ 19.11.2019 |
| 2 | തങ്കമണി ടി പി | 40000 | ബിൽ നമ്പർ 10/2019-20/ 19.11.2019 |

ടി ഗുണഭോക്താക്കളെ രജിസ്റ്ററിൽ ചേർത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

3. ബിൽ O/c യിൽ ഗുണഭോക്താവിന്റെ പേര് മാത്രമാണ് കാണിക്കുന്നത്. ഒരേ പേരുള്ള ഒന്നിലധികം ഗുണഭോക്താക്കൾ ഉള്ളതിനാൽ ഗുണഭോക്താവിന്റെ കൃത്യമായ ഫയൽ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/2019-20/ 13.12.2021) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണത്തിൽ കൃത്യത പാലിക്കുന്നതിന് ആവശ്യമായ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതാണ്.

## 1-26 മെഡിക്കൽ ഓഫീസർ - പരിരക്ഷ മരുന്ന വാങ്ങൽ നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് : 38/20 പരിരക്ഷ

അടങ്കൽ : 600000/- (വികസനം-ജനറൽ) + 200000/- (ബ്ലോക്ക് ഷെയർ)

ചെലവ് : 374855/-(വികസനം-ജനറൽ) + 200000/- (ബ്ലോക്ക് ഷെയർ)
നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

| ക്രമ നമ്പർ | ബിൽ നമ്പർ/വൗച്ചർ നമ്പർ/ തിയ്യതി | തുക |
|---|---|---|
| 1 | 03/19-20/24.01.20 | 134650 |
| 2 | 04/19-20/24.01.20 | 127300 |
| 2 | 06/19-20/10.02.20 | 26000 |
| 3 | 12/19-20/03.03.20 | 86905 |
| | | 374855 |
| 4 | Block Share | 200000 |

മേൽ പ്രോജക്ട് പ്രകാരം ബ്ലോക്ക് ഷെയർ ഉപയോഗിച്ച് കാലിക്കറ്റ് വനിതാ കോ- ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും 200000/- രൂപയുടെ മരുന്ന വാങ്ങിയിട്ടുണ്ട്. മരുന്നിന്റെ വില 320000/- രൂപയിൽ 2 ലക്ഷം രൂപയാണ് ടി തുക ഉപയോഗിച്ച് നൽകിയത്. ബാക്കി തുക 20-21 ൽ ആണ് മാറി നൽകിയിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം. 22/2018/തസ്വഭവ,തിരുവനന്തപുരം , തിയ്യതി 14.02.2018 ക്രമ നമ്പർ 7.5.3 പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും വാങ്ങുന്നതിനാണ്

അനുമതിയില്ലാത്.

7.5.4 പ്രകാരം KMSCL ൽ ഇന്റന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും ലഭ്യമല്ലാതിരിക്കുന്ന സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിയുടെ ശുപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കാരുണ്യ/ നീതി / ജെൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

മേൽ പ്രോജക്ട് പ്രകാരം കാലിക്കറ്റ് വനിതാ കോ- ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും മരുന്ന് വാങ്ങുന്നതിന് ആധാരമാക്കിയ അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/2019-20 /06.12.2021) മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ മരുന്ന് വാങ്ങിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകേണ്ടതാണ്. കൂടാതെ, മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം ലഭ്യമാക്കേണ്ടതുമാണ്.

## 1-27 ഡ്രൈവറുടെ വേതനകുടിശ്ശിക നൽകിയത്- സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രോജക്ട് : 38/20 പരിരക്ഷ

അടങ്കൽ : 600000/- (വികസനം-ജനറൽ) + 200000/- (ബ്ലോക്ക് ഷെയർ)

ചെലവ് : 374855/-(വികസനം-ജനറൽ) + 200000/- (ബ്ലോക്ക് ഷെയർ)

| ക്രമ നമ്പർ | ബിൽ നമ്പർ/വൗച്ചർ നമ്പർ/ തിയ്യതി | തുക |
|---|---|---|
| 1 | 03/19-20/24.01.20 | 134650 |
| 2 | 04/19-20/24.01.20 | 127300 |
| 3 | 06/19-20/10.02.20 | 26000 |
| 4 | 12/19-20/03.03.20 | 86905 |
| | | 374855 |
| 5 | Block Share | 200000 |

മേൽ പ്രോജക്ട് ബിൽ നമ്പർ 12/19-20/03.03.20 പ്രകാരം 86905/- രൂപ മാറിയതിൽ പരിരക്ഷാ വാഹനത്തിന്റെ ഡ്രൈവർ ശ്രീ. അബ്ദുസ്സലാം എന്നവർക്ക് വേതന കുടിശ്ശികയിനത്തിൽ 7475/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഏതു കാലയളവിലെ തുകയാണെന്നത് ഫയലിൽ ഇല്ല. ആയത് തുക നൽകിയതിന്റെ ഡ്യൂ ഡ്രോൺ സ്റ്റേറ്റ്മെന്റ് സഹിതം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/19-20/06.12.2021) മറുപടി ലഭ്യമാക്കിയില്ല. അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 7475/- രൂപ തടസ്സം ചെയ്യുന്നു.

## 1-28 വീട് വാസയോഗ്യമാക്കൽ- അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് : 47/20 വീട് വാസോഗ്യമാക്കൽ

അടങ്കൽ : 1,20,000( വികസനഫണ്ട്- പൊതുവിഭാഗം)

ചെലവ് : 99000/-

മേൽ പ്രോജക്ട് പ്രകാരം ഭവന പുനരുദ്ധാരണത്തിനായി അസി. എഞ്ചിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക്30000/- രൂപ വീതം ഭവന പുനരുദ്ധാരണത്തിനായി നൽകുകയാണ് ചെയ്തത് . പദ്ധതിയുടെ നിർവ്വഹണം പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

ബിൽനമ്പർ 15/19-20/31.12.2019 പ്രകാരം ആനുകൂല്യം നൽകിയ ശ്രീ റഷീദ് എന്നവർ ലഭ്യമാക്കിയ ഗുണഭോക്തൃ

പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. ടിയാനെ ഗുണഭോക്താവായി അംഗീകരിച്ചുകൊണ്ടുള്ള ഭരണ സമിതി തീരുമാനം ലഭ്യമാക്കേണ്ടതാണ്.

2. ബിൽനമ്പർ 15/19-20/31.12.2019 പ്രകാരം ആനുകൂല്യം നൽകിയ ശ്രീമതി ദാക്ഷായണിയമ്മ എന്നവരുടെ ഭവനപുനരുദ്ധാരണ പ്രവർത്തിക്ക് അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയം ലഭ്യമാക്കിയിട്ടില്ല .

3. മേൽ പ്രോജക്ട് പ്രകാരം 8 വർഷം പഴക്കമുള്ള ഭവനങ്ങൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. താഴെ പറയുന്ന ഗുണഭോക്താക്കളുടെ വീടുകളുടെ കാലപ്പഴക്കം കാണിക്കുന്ന രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല .

| ക്രമ നമ്പർ | ഗുണഭോക്താവ് | ബിൽ നമ്പർ |
|---|---|---|
| 1 | ശോഭന പാലക്ക്യാട്ട് | ബിൽ നമ്പർ 27/19-20 /10.02.20 (60,000/-) |
| 2 | ശ്രീമതി രമണി പേരംപിലാക്കൽ | |
| 3 | ശ്രീമതി കദീജ വാണിയം പീടിയേക്കൽ | ബിൽ നമ്പർ 32/19-20 /10.02.20 (1,80000/-) |
| 4 | ശ്രീമതി റസിയ നക്കിയാം കുന്നത്ത് | |
| 5 | ശ്രീമതി കദീജ ചക്കട്ടി പറമ്പിൽ | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/*2019-20/* 13.12.2021) മറുപടി ലഭ്യമാക്കിയില്ല. അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 210000 /-(30000*7) രൂപ തടസ്സം ചെയ്യുന്നു.

1-29 പ്രിന്റർ ലഭ്യമാക്കിയില്ല.

പ്രൊജക്ടിന്റെ പേര് : കൃഷി ഭവൻ അടിസ്ഥാന സൗകര്യങ്ങൾ
നിർവ്വഹണം: കൃഷി ഓഫീസർ

പ്രൊജക്ട്നം : 11/19-20,

അടങ്കൽ : 70000/- (തനതുഫണ്ട്)

ചെലവ് : 60258/-( ചെക്ക് നം 3097729/82.12.19)

കൃഷി ഭവനിൽ അടിസ്ഥാന സൗകര്യങ്ങൾ എന്ന പ്രൊജക്ടു പ്രകാരം 1 കമ്പ്യൂട്ടർ 1 പ്രിന്റർ എന്നിവ വാങ്ങുന്നതിന വേണ്ടി 60258 രൂപ കെൽട്രോണിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം 5120016249/8.3.20 പ്രകാരം 45407രൂപയുടെ കമ്പ്യൂട്ടർ മാത്രമാണ് കൃഷി ഭവനിലേയ്ക്ക് ലഭ്യമായത്.പ്രിന്റർ നാളിതു വരെ ലഭ്യമായില്ല. പ്രിന്റർ ലഭ്യമാകാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23 /14.12.21(19-20) ലഭ്യമാക്കിയ മറുപടിയിൽ പ്രിന്റർ സ്റ്റോക്കിൽ ലഭ്യമല്ല എന്നും പ്രിന്ററിന് ലഭ്യമാക്കിയ 14851 രൂപ പഞ്ചായത്തിന് തിരികെ അടവാക്കാമെന്ന് 9-12-21 ൽ ഫോൺ സന്ദേശം വഴി കെൽട്രോൺ അറിയിച്ചിട്ടുണ്ട് എന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. തുടർന്നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 ലൈഫ് ഭവന പദ്ധതി - അധികതുക നൽകി

2019-20 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം ലൈഫ് ഭവന പദ്ധതിക്കായി തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | പ്രോജക്ട് | അടങ്കൽ | ഫണ്ടിനം | ചെലവിന്റെ വിശദാംശം |
|---|---|---|---|---|
| 1 | 155/20 ലൈഫ് ഭവന പദ്ധതി(ജനറൽ) പി എം എ വൈ (ഗ്രാമീൺ) | 3400000 | വികസന ഫണ്ട് (ജനറൽ) | 3400000 |
| | | 12500000 | സംസ്ഥാനാവിഷ്കൃത ഫണ്ട് | - |
| | | 2800000 | തനത് ഫണ്ട് | - |
| | | 960000 | ജില്ലാ പഞ്ചായത്ത് ഷെയർ | - |
| 2 | 165/20 ലൈഫ് ഭവന പദ്ധതി(എസ് സി) പി എം എ വൈ (ഗ്രാമീൺ) | 1450000 | വികസന ഫണ്ട് (എസ് സി പി) | 80000 |
| | | 1325000 | തനത് ഫണ്ട് | - |
| 3 | 251/20 ലൈഫ് ഭവന പദ്ധതി(ജനറൽ) പി എം എ വൈ (ഗ്രാമീൺ) | 38651 | ജില്ലാ പഞ്ചായത്ത് ഷെയർ | - |
| | | 34744420 | മറ്റുള്ളവ | 1500000 |
| | | | | 4980000 |

മേൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ താഴെ പയുന്ന അപാകതകൾ കാണന്നു.

1. ലൈഫ് ഭവന പദ്ധതിയിൽ മേൽ പ്രോജക്ടുകൾ പ്രകാരം 4980000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബിൽ O/c യോട് കൂടി സ്റ്റേജ് സർട്ടിഫിക്കറ്റ് , മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഇല്ല .

2 ലൈഫ് ഗുണഭോക്താക്കളുടെ വിവിധ ഗഡുക്കൾ നൽകുന്നതിന് സൂക്ഷിച്ച 2018-19 മുതലുള്ള ഗുണഭോക്താക്കളുടെ രജിസ്റ്റർ ഹാജരാക്കിയെങ്കിലും , ആയത് എഴുതി പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താവിന് ഏതു ഗഡു തുകയാണ് നൽകിയതെന്നോ ഏതു സ്റ്റേജിലാണ് നിർമ്മാണം നിൽക്കുന്നതെന്നോ രജിസ്റ്ററിൽ നിന്നും വ്യക്തമല്ല.

2019-20വർഷത്തിൽ ഭവന നിർമ്മാണത്തിന്റെ ഗഡുക്കൾ വിതരണം ചെയ്തത്, രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷത്തെ ഗുണഭോക്താവായ ശ്രീമതി നസീമ അൻവർ ചോലയിൽ എന്നവർക്ക് ആകെ 440000/- രൂപ നൽകിയതായി കണ്ടു.

| Instalment | Amount | Date | Fund |
|---|---|---|---|
| ഒന്നാം ഗഡു | 40000 | 20.07.2018 | പ്ലാൻ ഫണ്ട് |
| രണ്ടാം ഗഡു | 160000 | 07.01.2019 | ഹഡ്കോ വായ്പ |

| | | | |
|---|---|---|---|
| മൂന്നാം ഗഡു | 60000 | 25.02.2019 | ഹഡ്കോ വായ്പ |
| നാലാം ഗഡു | 100000 | വൗച്ചർ നമ്പർ 21900821/29.02.2020 | സംസ്ഥാന വിഹിതം |
| അഞ്ചാം ഗഡു | 40000 | ബിൽ നമ്പർ 05/19-20/31.08.2019 | പ്ലാൻ ഫണ്ട് |
| - | 40000 | ബിൽ നമ്പർ 10/19-20/9.11.2019 | പ്ലാൻ ഫണ്ട് |

അധികം നൽകിയ 40000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാലാണ് ഇത്തരത്തിൽ അപാകത സംഭവിച്ചിട്ടുള്ളത്. രജിസ്റ്റർ പൂർത്തിയാക്കാത്തതിനാൽ ഇത്തരത്തിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്റർ പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

രജിസ്റ്ററിൽ രേഖപ്പെടുത്താത്ത ഗുണഭോക്താക്കളും ഉണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | നൽകിയ തുക | തിയ്യതി |
|---|---|---|---|
| 1 | നബീസ എൻ കെ | 40000 | ബിൽ നമ്പർ 10/2019-20/ 19.11.2019 |
| 2 | തങ്കമണി ടി പി | 40000 | ബിൽ നമ്പർ 10/2019-20/ 19.11.2019 |

ടി ഗുണഭോക്താക്കളെ രജിസ്റ്ററിൽ ചേർത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

3. ബിൽ O/c യിൽ ഗുണഭോക്താവിന്റെ പേര് മാത്രമാണ് കാണിക്കുന്നത്. ഒരേ പേരുള്ള ഒന്നിലധികം ഗുണഭോക്താക്കൾ ഉള്ളതിനാൽ ഗുണഭോക്താവിന്റെ കൃത്യമായ ഫയൽ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/*2019-20/* 13.12.2021) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണത്തിൽ കൃത്യത പാലിക്കുന്നതിന് ആവശ്യമായ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 2019-20 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | പ്രോ.നം-38/2019-20 പരിരക്ഷ | 200000 | 0 |
| ആകെ | 200000 | | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | പ്രോ.നം-31/2019-20 ഭിന്നശേഷി സ്കോളർഷിപ്പ് | 300000 | 0 |
| ആകെ | 300000 | | 300000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | വർഷാവസാന ബാക്കി |
|---|---|---|---|---|---|
| ലൈഫ് മിഷൻ ഭവന പദ്ധതി-KURDFC | 772/2017/LSGD Dt.18.03.2017 | 4230000 | 12757271 | 1264705 | 15722566 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വരഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ഉദ്യോഗപ്പേര് | രശീതി നം/തീയതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 352 | ലഭ്യമല്ല | 119130101401/22-6-2019 |

## 4-8 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3(1) | 2006-07 | -- | തയ്യൽ മെഷീൻ കുറഞ്ഞ നിരക്ക് സ്വീകരിച്ചില്ല 31520 രൂപ | നടപടി തുടരുന്നു |
| 1998-99 | 3(9) | 2007-08 | -- | വൗച്ചറുകൾ ഹാജരാക്കിയില്ല | നടപടി തുടരുന്നു |
| 2015-16 | 2(4) | 2016-17 | -- | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും | ചാർജ്ജ് സർട്ടിഫിക്കറ്റ് തുക | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട തുക | കോടതി വ്യവഹാരങ്ങളിൽ ഈടാക്കിയ തുക | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2008-09 | 2-1<br>2-3b<br>2-3a<br>2-2<br>3-1a<br>3-1b | P.Haridasan | LF10423/<br>Sp.cell/<br>ScD1/12/15.6.15<br>LF10423/sp.cell/<br>ScD1/12/16-7-14<br>LF10423/sp.cell/ | 2890<br>1140<br>150<br>2333<br>40000<br>30000 | | | | | | 2890<br>1140<br>150<br>2333<br>40000<br>30000 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | 3-2 | | ScD1/12/16-7-14 | 45520 | | | | | 45520 |
| | | 3-8 | | | 5000 | | | | | 5000 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82818083 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77621537 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2117407 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 40000 | വി.ഇ.ഒ, ശ്രീമതി അശ്വതി വിജയൻ |
| ആകെ | | 40000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 485282 | കെ.ജയൻ, സെക്രട്ടറി |
| 1-17 | 490000 | ശ്രീ. പി.എ മുഹമ്മദ് ഹാഷിം ,സെക്രട്ടറി |
| 1-24(8) | 824650 | ശ്രീമതി. അശ്വതി വിജയൻ ,വി.ഇ.ഒ |
| 1-27 | 7475 | ഡോ. മുബാറക്ക് നദീർ കുട്ടി ,മെഡിക്കൽ ഓഫീസർ (എഫ്.എച്.സി) |
| 1-28 | 210000 | ശ്രീമതി. അശ്വതി വിജയൻ ,വി.ഇ.ഒ |
| 1-13 | 100000 | ശ്രീമതി. അശ്വതി വിജയൻ ,വി.ഇ.ഒ |
| ആകെ | 2117407 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| വി.ഇ.ഒ[ശ്രീമതി. അശ്വതി വിജയൻ | വി.ഇ.ഒ., തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് | ശാന്തി നിവാസ്, കിള്ളിക്കലോട് പി.ഒ, തിരുവനന്തപുരം പിൻ-695571 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1980-81 | എൽ.എഫ്.എം.7/326 തീയതി: 05.01.91 | 1 |
| 1985-86 | എൽ.എഫ്.എം.7/1204/90 തീയതി: 03.04.91 | 3 |
| 1986-87, 1987-88 | എൽ.എഫ്.എം.7/341/92 തീയതി: 30.07.92 | 2 |
| 1997-98 | എൽ.എഫ്.എം.7/246/06 തീയതി: 03.11.2010 | 4 |
| 1998-99 | എൽ.എഫ്.എം.7/1836/06 തീയതി: 03.11.2010 | 22 |
| 1999-2000 | എൽ.എഫ്.എം.14/577/08 തീയതി: 05.10.10 | 3 |
| 2000-2001 | എൽ.എഫ്.എം.14/578/08 തീയതി: 5.10.10 | 11 |
| 2001-02 | എൽ.എഫ്.എം.14/579/08 തീയതി: 5.10.10 | 8 |
| 2002-03 | എൽ.എഫ്.എം.14/580/08 തീയതി: 5.10.10 | 2 |
| 2003-04 | എൽ.എഫ്.എം.14/581/08 തീയതി: 5.10.10 | 11 |
| 2004-05 | എൽ.എഫ്.എം.14/591/09 തീയതി: 5.10.10 | 22 |
| 2005-06 | എൽ.എഫ്.എം.11/881/10 തീയതി: 22.05.12 | 16 |
| 2006-07 | എൽ.എഫ്.എം.11/882/10 തീയതി: 22.05.12 | 10 |
| 2007-08 | എൽ.എഫ്.എം.17/507/11 തീയതി: 20.5.11 | 13 |
| 2008-09 | എൽ.എഫ്.എം.17/508/11 തീയതി: 25.5.11 | 22 |
| 2009-10, 2010-11 | എൽ.എഫ്.എം.17/1212/13 തീയതി: 17.7.13 | 12 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.17/72/2016 തീയതി: 24.11.2016 | 13 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.17/2040/16 തീയതി: 04-08-16 | 17 |
| 2015-16 | കെ.എസ്.എ.എം.പി.എം..17/21/2017 തീയതി: 20-02-18 | 13 |
| 2016-17 | കെ.എസ്.എ.എം.പി.എം.17/2037/2017 തീയതി: 09-07-18 | 20 |
| 2017-18 | കെ.എസ്.എ.എം.പി.എം.17/577/2019 തീയതി: 30.03.2019 | 14 |
| 2018-19 | കെ.എസ്.എ.എം.പി.എം.17/1743/2020 | 10 |

| | | | |
|---|---|---|---|
| | തീയതി: 22.02.2021 | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

എം.എ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്